പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4867 21/10/2011 ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ദുരിതമേഖലയിലെ നിത്യരോഗികൾ

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ :

ഉത്തരം

ഡോ. എം.കെ. മുനീർ :
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) എൻഡോസൾഫാൻ ദുരിതമേഖലയിലെ നിത്യരോഗികൾക്ക് ഏതെങ്കിലും സാമൂഹ്യക്ഷേമ പെൻഷനുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നടപ്പിലാക്കിയിട്ടുണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന എൻഡോസൾഫാൻ ദുരിത മേഖലയിലെ നിത്യരോഗികൾക്ക് സ്നേഹസാന്ത്വനം പദ്ധതിപ്രകാരം പ്രതിമാസ ധനസഹായം നൽകിവരുന്നു |
| (ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) 1/6/2010 മുതലാണ് പദ്ധതി ആരംഭിച്ചത്. |
| (സി) ഇതനുസരിച്ച് പെൻഷൻ ആനുകൂല്യം ലഭിക്കുന്ന എത്ര ദുരിത ബാധിതർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (സി) സ്നേഹസാന്ത്വനം പദ്ധതിപ്രകാരം 3881 ദുരിത ബാധിതർക്ക് പ്രതിമാസ ധനസഹായം നൽകിവരുന്നു. ഇതിൽ 2304 പേർ നിത്യരോഗികളുടെ ഗണത്തിൽ പെടുന്നതാണ്. |
| (ഡി) പെൻഷൻ വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേനയാണ് വിതരണം ചെയ്യുന്നത് |
| (ഇ) പ്രതിമാസ പെൻഷനാണെങ്കിൽ എല്ലാമാസവും ഇവരുടെ കൈകളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) പ്രതിമാസ ധനസഹായം ഇലക്ട്രോണിക് മണി ഓർഡർ മുഖേനയായതിനാൽ ഓരോ ഗുണഭോക്താവിന്റേയും കൈയിൽ നേരിട്ട് ലഭ്യമാകുന്നുണ്ട്. |
| (എഫ്) 2011 സെപ്തംബർ മാസം വരെയുള്ള പ്രതിമാസ പെൻഷൻ വിതരണം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എഫ്) 2011 സെപ്തംബർ മാസം വരെയുള്ള പ്രതിമാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

R. Vijayak

സെക്ഷൻ ഓഫീസർ